# നവകേരളം വാർത്ത

2023 മേയ് 1-15 ന്യൂസ് ലെറ്റർ

ഓൺലൈൻ വായനയ്ക്ക്





# മാലിന്യസംസ്കരണം പൗരധർമ്മമായി ഏറ്റെടുക്കണം : മുഖ്യമന്ത്രി

അടുത്തവർഷം മാർച്ചിനകം മാലിന്യ പ്രശ്നത്തിനു സ്ഥായിയായ പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ 'മാലിന്യമുക്തം നവകേരളം' കാമ്പയിൻ നാട് ഏറ്റെടുക്കുകയാണെന്നും ഇതിന്റെ ആദ്യ ഘട്ടമായി 2023 ജൂൺ അഞ്ചിന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വലിച്ചെറിയൽ മുക്തമാകുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. മാലിന്യ സംസ്കരണം പൗരധർമമായി ഏറ്റെടുക്കുന്ന സംസ്കാരം വളർത്തിയെടുക്കണമെന്നും അദ്ദേഹം പറഞ്ഞു. 'മാലിന്യ മുക്തം നവകേരളം' കാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, ജനപ്രതിനിധികൾ, വകുപ്പു സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവരെ അഭിസംബോധന ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ഉറവിടത്തിൽത്തന്നെ ജൈവമാലിന്യവും അജൈവ മാലിന്യവും വേർതിരിക്കുന്നുവെന്ന് ഉറപ്പാക്കണം. ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കപ്പെടണം. ഇതിനു സൗകര്യമില്ലാത്തവർക്കായി പൊതുസംവിധാനം ഒരുക്കണം. അജൈവമാലിന്യം യൂസർഫീ നൽകി ഹരിത കർമസേനയ്ക്കു കൈമാറണം. 'ഹരിതമിത്രംആപ്പ്' ഇതിനായി ഉപയോഗിക്കണം. ഈ സാമ്പത്തിക വർഷം കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും 'ഹരിതമിത്രം' ഉപയോഗിച്ച് മാലിന്യ ശേഖരണം നടക്കുന്നുവെന്ന് ഉറപ്പാക്കണം.

പൊതുനിരത്തുകളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യം സമ്പൂർണമായി നീക്കംചെയ്യണം. പൊതു ഇടങ്ങൾ വൃത്തിയാക്കണം. ഇത് വിജയകരമായി നടപ്പാക്കി ജൂൺ അഞ്ചിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും വലിച്ചെറിയൽ മുക്ത പ്രദേശങ്ങളായി പ്രഖ്യാപിച്ച് ഹരിത സഭകൾ സംഘടിപ്പിക്കണം. മേയ് 15നു മുൻപ് എല്ലാ സർക്കാർ അർധസർക്കാർ ഓഫീസുകളും ഹരിതചട്ടം അനുസരിച്ചു പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കണം. സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ സമയബന്ധിതമായി ഉണ്ടാക്കാനും ഫലപ്രദമായി പ്രവർത്തിപ്പിക്കാനും ഗുണമേന്മയുള്ള സേവനം ലഭ്യമാക്കാനും കാമ്പയിൻ ലക്ഷ്യമിടുന്നതായി മുഖ്യമന്ത്രി പറഞ്ഞു.

വ്യക്തി, തദ്ദേശ സ്ഥാപനം, സർക്കാർ എന്നീ മൂന്ന് തലത്തിൽ യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളിലൂടെ കാമ്പയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കുമെന്നു യോഗത്തിൽ അധ്യക്ഷത വഹിച്ച തദ്ദേശ സ്വയംഭരണ മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. കാമ്പയിനെ പൂർണമായി സ്വാഗതം ചെയ്യുന്നതായും സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും മാതൃകയാക്കാവുന്ന വിധത്തിൽ ഏതെങ്കിലുമൊരു തദ്ദേശ സ്ഥാപനം മാലിന്യ സംസ്കരണത്തിന്റെ മികച്ച ഒരു മാതൃക രൂപപ്പെടുത്തിയെടുക്കണമെന്നും യോഗത്തിൽ ഓൺലൈനായി പങ്കെടുത്ത പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ പറഞ്ഞു. 2023 മെയ് 3 ന് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നടന്ന ചടങ്ങിൽ മന്ത്രിമാരായ കെ. രാജൻ, റോഷി അഗസ്റ്റിൻ, കെ.എൻ. ബാലഗോപാൽ, കെ. രാധാകൃഷ്ണൻ, പി. രാജീവ്, ആന്റണി രാജു, വീണാ ജോർജ്, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ്, നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ, അഡീഷണൽ ചീഫ് സെക്രട്ടറിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, പ്രതിനിധികൾ തുടങ്ങിയവർ ഓൺലൈനായി പങ്കെടുത്തു.

# എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നു

നവകേരളം കർമപദ്ധതി 2 ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളേയും (സബ് സെന്ററുകൾ) ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ ഉപകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പ്രദേശത്തെ ജനപങ്കാളിത്തത്തോടെ എല്ലാവർക്കും ആരോഗ്യം ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പുതിയ കാലഘട്ടത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിൽ ഓരോ പൗരന്റെയും പങ്കാളിത്തം വളരെ വലുതാണ്. ഇത് മുന്നിൽ




കണ്ട് പൊതുജന പങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നതിനായാണ് എല്ലാ ആരോഗ്യ ഉപകേന്ദ്രങ്ങളെയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി.

## ആർദ്രം ജീവിതശൈലീ സ്ക്രീനിംഗ്: രണ്ടാംഘട്ടത്തിൽ ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിക്കും

ജീവിതശൈലീ രോഗങ്ങൾ പ്രധാന വെല്ലുവിളിയാണ്. ആർദ്രം മിഷന്റെ ഭാഗമായി ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിന് വലിയ പ്രാധാന്യം നല്കുന്നു. ആർദ്രം ജീവിതശൈലീ രോഗ നിർണയ സ്ക്രീനിംഗിലൂടെ 1.11 കോടി ജനങ്ങളെ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തി. ആർദ്രം ജീവിതശൈലീ രോഗ നിർണയ പദ്ധതിയുടെ രണ്ടാംഘട്ട തുടർ പ്രവർത്തനങ്ങളും നടത്തുന്നതാണ്. കാൻസർ തുടങ്ങിയ രോഗങ്ങൾ സ്ഥിരീകരിക്കുന്നവർക്ക് തുടർ ചികിത്സ ഉറപ്പാക്കി വരുന്നു. കാൻസർ ഗ്രിഡ് സംസ്ഥാനത്ത് ഫലപ്രദമായി നടത്തി വരുന്നു.

ജനങ്ങളുടെ മാനസികവും ശാരീരികവുമായ ആരോഗ്യ ഉറപ്പാക്കുക പ്രധാനമാണ്. ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വളരെ പ്രാധാന്യം നല്കുന്നു. പ്രാഥമിക തലത്തിൽ തന്നെ സൂക്ഷ്മവും ശക്തവുമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. സംസ്ഥാനത്തെ എല്ലാ സബ്സെന്ററുകളേയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കാൻ അനുമതി നൽകിയിരുന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ജനകീയ ക്ലബ്ബുകൾ രൂപീകരിക്കും. ഗർഭിണികൾ, കിടപ്പ് രോഗികൾ, സാന്ത്വനപരിചരണം ആവശ്യമായവർ എന്നിവർക്ക് പ്രത്യേക കരുതലൊരുക്കും.

## ഇത് സ്മാർട്ട് വിദ്യാലയങ്ങളുടെ കാലം: മന്ത്രി പി. പ്രസാദ്

സാമ്പത്തിക നേട്ടം നോക്കി സ്കൂളുകൾ പൂട്ടുന്ന കാലം അവസാനിച്ചുവെന്ന് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ്. ചേർത്തല തെക്ക് ഗവ. എൽ.പി. സ്കൂളിൽ പുതുതായി



നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാനത്തെ സ്കൂളുകൾ എല്ലാം പുതിയ കാലത്തിനനുസരിച്ച് മാറുകയാണ്. ഓരോ പൊതു വിദ്യാലയങ്ങളും കോടികൾ ചിലവഴിച്ച് സ്മാർട്ടാക്കുകയാണ് സർക്കാർ. ഇത്തരം നിലപാടുകളുടെ ഭാഗമായിട്ടാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെട്ടതെന്നും മന്ത്രി പറഞ്ഞു. മുൻമന്ത്രി പി. തിലോത്തമന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 50 ലക്ഷം രൂപ ഉപയോഗിച്ചാണ് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്. സ്കൂളിന്റെ ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ശതോത്തര സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

## കേരളത്തിലെ എല്ലാ സ്കൂളുകളിലും ഹൈടെക് വിദ്യാഭ്യാസ സംവിധാനം : 

### മന്ത്രി മുഹമ്മദ് റിയാസ്



എല്ലാ സ്കൂളുകളിലും ഹൈടെക് വിദ്യാഭ്യാസ സംവിധാനമുള്ള രാജ്യത്തെ ഏക സംസ്ഥാനം കേരളമാണെന്ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ്. കച്ചേരിക്കുന്ന് ഗവ. എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ലോകത്ത് എവിടെയുമുള്ള കുട്ടികളോട് കിടപിടിക്കാൻ സാധ്യമാകുന്ന തരത്തിലേക്ക് നമ്മൾ കുട്ടികളെ വളർത്തുകയാണ്. 2022-23 സാമ്പത്തിക വർഷം പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 246 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയതായി മന്ത്രി പറഞ്ഞു. കോർപ്പറേഷൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം മേയർ ഡോ. ബീന ഫിലിപ്പ് നിർവഹിച്ചു. എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും, കോർപ്പറേഷൻ ഫണ്ടായ 50 ലക്ഷം രൂപയും ചെലവഴിച്ചാണ് രണ്ട് നിലയിലുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത്.

## ഇടക്കൊച്ചി ഗവ. ഹൈസ്കൂളിന് പുതിയ മന്ദിരം

ഇടക്കൊച്ചി ഗവ. ഹൈസ്കൂളിന്റെ പുതിയ കെട്ടിടം വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസ വകുപ്പ് അനുവദിച്ച ഒരു കോടി രൂപ ചെലവഴിച്ചാണ് കൊച്ചി നഗരസഭയുടെ കീഴിൽ വരുന്ന ഇടക്കൊച്ചി ഗവ. ഹൈസ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിച്ചത്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതി പ്രകാരം 2019ൽ അംഗീകാരം ലഭിച്ച കെട്ടിടമാണ് നിർമ്മാണം പൂർത്തിയാക്കി വിദ്യാഭ്യാസ മന്ത്രി ഉദ്ഘാടനം നിർവഹിച്ചത്.

തൃപ്പൂണിത്തുറ എം.എൽ.എ. കെ. ബാബു അധ്യക്ഷത വഹിച്ച ചടങ്ങിൽ കൊച്ചി മേയർ അഡ്വ. എം. അനിൽ കുമാർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോർഡിനേറ്റർ ഡാൽമിയ തങ്കപ്പൻ, വിദ്യാഭ്യാസ കായിക കാര്യ സ്ഥിരം സമിതി ചെയർമാൻ വി.എ. ശ്രീജിത്ത്, കൗൺസിലർമാരായ അഭിലാഷ് തോപ്പിൽ, ജീജ ടെൻസൻ തുടങ്ങിയവർ പങ്കെടുത്തു.

## പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുക എന്നതാണ് സർക്കാർ നയം : മന്ത്രി വി ശിവൻകുട്ടി

### തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിട സമുച്ചയങ്ങൾ ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ പ്രധാന നയമെന്ന് വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിട സമുച്ചയങ്ങളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

47 ലക്ഷം വിദ്യാർഥികളാണ് സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്നത്. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനായി 3000 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി അക്കാദമിക രംഗം മികവുറ്റതാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി ഒരു കോടി രൂപ പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് ഹൈസ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. 60 ലക്ഷം രൂപ വിനിയോഗിച്ചാണ് ഹയർ സെക്കണ്ടറി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. കെ ബാബു എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹൈബി ഈഡൻ എം.പി. മുഖ്യാതിഥിയായി.





# പൊതുസ്ഥലത്ത് മാലിന്യം എറിയുന്നവരുടെ വാഹനങ്ങൾ പിടിച്ചെടുക്കും: മന്ത്രി എം.ബി. രാജേഷ്



പൊതുസ്ഥലത്ത് മാലിന്യം എറിയുന്നവരുടെ വാഹനങ്ങൾ പിടിച്ചെടുക്കുക ഉൾപ്പെടെ കർശന നടപടികളിലേക്ക് നീങ്ങുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. ഇതു സംബന്ധിച്ച് പൊലീസിന് കർശനനിർദേശം നൽകിയിട്ടുണ്ടെന്നും ആലപ്പുഴ നഗരത്തിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരമായി നിർമ്മാണം പൂർത്തീകരിച്ച വാടപ്പൊഴിയുടേയും അനുബന്ധ തോടുകളുടെയും കനാലുകളുടെയും നവീകരണ പദ്ധതി ഉദ്ഘാടനം ചെയ്തു മന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി ആലപ്പുഴ നഗരസഭ അമൃത് പദ്ധതിയിലൂടെയാണ് നിർമാണം പൂർത്തിയാക്കിയത്.

ഹരിത കർമസേനയ്ക്ക് യൂസർ ഫീ നൽകാത്തവരുടെ കെട്ടിട നികുതിയിൽ ഇത് കുടിശികയായി ഈടാക്കുമെന്നും മന്ത്രി പറഞ്ഞു. മാലിന്യം ശരിയായി വേർതിരിച്ച് സംഭരിച്ച് അതത് സംവിധാനത്തിലൂടെ സംസ്കരിക്കേണ്ടത് വ്യക്തികളുടെ ഉത്തരവാദിത്വമാണ്. കേരളത്തിൽ അമൃത് പദ്ധതിയുടെ തുക വിനിയോഗത്തിൽ രണ്ടാം സ്ഥാനമാണ് ആലപ്പുഴ നഗരസഭയ്ക്ക്. മാലിന്യ സംസ്കരണത്തിൽ ആലപ്പുഴ മാതൃകയാണെന്നും മന്ത്രി പറഞ്ഞു. നഗരസഭ ശതാബ്ദി മന്ദിരം അങ്കണത്തിൽ നടന്ന ചടങ്ങിൽ എച്ച് സലാം എം.എൽ.എ. അധ്യക്ഷനായി. എ.എം. ആരിഫ് എം.പി., പി.പി. ചിത്തരഞ്ജൻ എം.എൽ.എ. എന്നിവർ മുഖ്യാതിഥികളായി.

# ലൈഫ് പദ്ധതി : ഭവന നിർമ്മാണ രംഗത്തെ വിപ്ലവം : മന്ത്രി വി.എൻ. വാസവൻ



സംസ്ഥാനത്തെ ഭവന നിർമ്മാണ രംഗത്ത് വിപ്ലവകരമായ മാറ്റമാണ് ലൈഫ് പദ്ധതി സൃഷ്ടിച്ചതെന്ന് മന്ത്രി വി.എൻ. വാസവൻ. എറണാകുളം തൃപ്പൂണിത്തുറ നഗരസഭ, പ്രധാന മന്ത്രി ആവാസ് യോജന (പി.എം.എ.വൈ.) ലൈഫ് പദ്ധതി വഴി നൽകുന്ന എഴുന്നൂറാമത് വീടിന്റെ താക്കോൽ കൈമാറ്റം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. നഗരസഭ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം പൂർത്തിയാക്കിയ ഒമ്പത് വീടുകളുടെ താക്കോൽ കൈമാറ്റവും മന്ത്രി നിർവഹിച്ചു. സംസ്ഥാനതലത്തിലും ദേശീയതലത്തിലും വിപ്ലവകരമായ മാറ്റമാണ് ലൈഫ് പദ്ധതിയിലൂടെ നടക്കുന്നത്. നീതി ആയോഗിന്റെ വിലയിരുത്തലിൽ ദേശീയതലത്തിൽ തന്നെ കേരളം ഒന്നാമതാണ്. ഇതുവരെ 3,40,040 വീടുകളാണ് സംസ്ഥാനത്ത് വീടില്ലാത്തവർക്കായി നൽകിയത്. നിരവധി വീടുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. സഹകരണ വകുപ്പിന് കീഴിൽ മാത്രം 2300 വീടുകൾ നിർമ്മാണം പൂർത്തീകരിച്ച് നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

# വലിച്ചെറിയൽ മുക്ത നഗരസഭയാകാൻ നെയ്യാറ്റിൻകര ; ഹരിത സംഗമത്തിൽ ശ്രദ്ധേയമായി ഹരിത കർമസേന



ഹരിത കർമസേനയുടെ പ്രവർത്തന മികവ് വിലയിരുത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ഹരിതസംഗമം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ ആദ്യ വലിച്ചെറിയൽ മുക്ത നഗരസഭയായി നെയ്യാറ്റിൻകരയെ മാറ്റാനുള്ള തീവ്ര യജ്ഞത്തിൽ ഹരിത കർമസേനയ്ക്കും നിർണായക പങ്കുണ്ടെന്ന് ടി.എൻ. സീമ അഭിപ്രായപ്പെട്ടു. നെയ്യാറ്റിൻകര ജെ.ബി.എസ്. ഹാളിൽ സംഘടിപ്പിച്ച ഹരിത സംഗമത്തിൽ നഗരസഭ ചെയർമാൻ പി.കെ. രാജമോഹനൻ അധ്യക്ഷനായി. ചടങ്ങിൽ ഹരിത കർമസേന അംഗങ്ങളെ ആദരിച്ചു.

# ശിവശങ്കരന് ലൈഫിന്റെ കൈത്താങ്ങ്: അതിദരിദ്രരുടെ ലിസ്റ്റിൽ തൃശൂർ ജില്ലയിൽ ആദ്യം പൂർത്തീകരിച്ച വീട് കൈമാറി



ശിവശങ്കരനും കുടുംബത്തിനും ഇനി സർക്കാർ ഒരുക്കിയ തണലിൽ അന്തിയുറങ്ങാം. സർക്കാരിന്റെ ലൈഫ് ടന്റി ടന്റി പദ്ധതിയിലുൾപ്പെട്ട അതിദരിദ്രരിൽ തൃശൂർ ജില്ലയിൽ ആദ്യം പണി പൂർത്തീകരിച്ചത് ശിവശങ്കരൻ - ഗിരിജ ദമ്പതികളുടെ വീടാണ്. വർഷങ്ങളായി പശുത്തൊഴുത്ത് വീടാക്കിയ വേലൂർ പഞ്ചായത്തിലെ എടാട്ട് പറമ്പിൽ ശിവശങ്കരനും കുടുംബത്തിനും അടച്ചുറപ്പുള്ള വീടെന്ന സ്വപ്നം യാഥാർഥ്യമായി. ഏകമകൾ സന്നിധിയുടെ വിവാഹം നടക്കാനിരിക്കേ ചോർന്നൊലിക്കുന്ന കൊച്ചുകൂരയിൽ നിന്ന് പഞ്ചായത്ത് ഈ കുടുംബത്തിന് സുരക്ഷിതമായ വീട് സമ്മാനിച്ചപ്പോൾ ജീവിതത്തിന് ഇരട്ടി മാധുര്യമായി. ആദ്യം ഹോട്ടൽ നടത്തിയിരുന്നെങ്കിലും കാലപ്പഴക്കം ചെന്ന കെട്ടിടം തകർന്ന് വീണതോടെ ഇവരുടെ വരുമാനം നിലച്ചു. പിന്നീട് പശുക്കളെ വളർത്തിയാണ് കുടുംബം കഴിഞ്ഞിരുന്നത്. തൊഴിലുറപ്പ് തൊഴിലാളിയായിരുന്ന ഭാര്യ ഗിരിജയ്ക്ക് മൂന്ന് വർഷം മുമ്പ് നട്ടെല്ലിന് സർജറി കഴിഞ്ഞതിനെ തുടർന്ന് എഴുന്നേറ്റ് നടക്കാൻ കഴിയാതായി. ഭാര്യയുടെ ചികിത്സാ ചെലവും ഈ വരുമാനത്തിൽ നിന്നാണ് കണ്ടെത്തിയിരുന്നത്. ഈ സാഹചര്യത്തിലാണ് സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞത്തിൽ കുടുംബത്തെ ഉൾപ്പെടുത്തിയത്. അതിദരിദ്രരിൽ ഉൾപ്പെടുത്തിയ ശേഷം മെഡിക്കൽ പരിശോധനയ്ക്കുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. വേലൂർ ഗ്രാമപഞ്ചായത്തിന്റെ സന്ദർഭോചിത ഇടപെടൽ ഇവരുടെ ജീവിതത്തിൽ പുതിയ വെളിച്ചമേകി. നാല് ലക്ഷം രൂപ ചെലവിട്ടാണ് വീട് നിർമ്മിച്ചത്. വീടിന്റെ താക്കോൽ കൈമാറ്റം എ.സി. മൊയ്തീൻ എം.എൽ.എ. നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ടി.ആർ. ഷോബി, വൈസ് പ്രസിഡന്റ് കർമല ജോൺസൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷേർളി ദിലീപ് കുമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സപ്ന റഷീദ്, വാർഡ് മെമ്പർമാരായ വിമല നാരായണൻ, ശുഭ അനിൽകുമാർ, ബിന്ദു ശർമ, അനിൽ, ഹരിത കർമസേന പഞ്ചായത്ത് സെക്രട്ടറി ബിന്ദു നന്ദനൻ, വി.ഇ.ഒ. പി.സി. രശ്മി, പഞ്ചായത്തംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# ഭൂരഹിത ഭവനരഹിതർക്ക് പാർപ്പിടമൊരുക്കാൻ കോഴിക്കോട് കോർപ്പറേഷൻ

നഗരത്തിലെ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത നിർധനർക്ക് ബഹുജന പങ്കാളിത്തത്തോടെ പാർപ്പിടം ഒരുക്കുന്ന കോർപ്പറേഷന്റെ ബൃഹത്ത് പദ്ധതിക്ക് തുടക്കമാവുന്നു.

കേരള സർക്കാരിന്റെ 'ലൈഫ് - മനസ്സോടിത്തിരി മണ്ണ് ' പദ്ധതിയുടെ ഭാഗമായി കോഴിക്കോട് നഗരത്തിലെ ഭൂരഹിത ഭവനരഹിതരായ 1000 പേർക്ക് പൊതുജന പങ്കാളിത്തത്തോടെ വീട് നിർമ്മിച്ചു നൽകുന്നതാണ് പദ്ധതി. ഭൂമിയടക്കം ഒരു വീടിന് 14 ലക്ഷം രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്.

ഭൂമിയായും പണമായും നിർമാണ വസ്തുക്കളായും അധ്വാനമായും വിഭവസമാഹരണം നടത്തി തുക കണ്ടെത്തും. ബിസിനസ്-സ്ഥാപനങ്ങളുടെ സാമൂഹിക ഉത്തരവാദിത്ത ഫണ്ടും മറ്റു സംഭാവനകളും ഉൾപ്പെടുത്തി പദ്ധതി സമയബന്ധിതമായി നടപ്പാക്കാനാണ് കോർപറേഷൻ ഉദ്ദേശിക്കുന്നത്.





# ശുചിത്വ വഴിയിൽ

## ശുചിത്വ ഹർത്താലുമായ് കണ്ണൂർ

മാലിന്യം വലിച്ചെറിയപ്പെടാത്ത ജില്ലയെന്ന ലക്ഷ്യത്തിനായ് കണ്ണൂരിൽ തകൃതിയായ ഒരുക്കങ്ങൾ. മാലിന്യ കൂനകൾ നീക്കം ചെയ്യാൻ ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തി ജില്ലയിലെമ്പാടും 2023 ഏപ്രിൽ 30 ന് ശുചിത്വ ഹർത്താൽ സംഘടിപ്പിച്ചു. തെരുവോരങ്ങളും പൊതു ഇടങ്ങളും ശുചീകരിക്കാൻ ജനങ്ങൾ ഒന്നടങ്കം രംഗത്തിറങ്ങി. സ്ഥാപനങ്ങൾ, വീടുകൾ, തോടുകൾ, ഇടവഴികൾ, തുടങ്ങി എല്ലായിടങ്ങളിലും സംഘടനകളുടെയും വീട്ടുകാരുടെയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

നവകേരളം വൃത്തിയുള്ള കേരളം – വലിച്ചെറിയൽ മുക്ത കാമ്പയിന്റെ ഭാഗമായാണ് ജില്ലയിൽ ശുചിത്വ ഹർത്താൽ നടത്തിയത്. ശുചിത്വ ഹർത്താലിൽ ജില്ലയിൽ 163 മാലിന്യ കൂനകൾ പൂർണമായും നീക്കി ശുചീകരിച്ചു.

ശുചീകരണ പ്രവർത്തനങ്ങളുടെ ജില്ലാ തല ഉദ്ഘാടനം നാറാത്ത് പഞ്ചായത്തിലെ കണ്ണാടിപ്പറമ്പ് ദേശസേവാ സ്കൂൾ പരിസരത്ത് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി.പി. ദിവ്യ നിർവഹിച്ചു. ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖരൻ ഐ.എ.എസ്. മുഖ്യാതിഥിയായി പങ്കെടുത്ത് ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. നാറാത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് രമേശൻ അദ്ധ്യക്ഷത വഹിച്ചു.

മാലിന്യ കൂനകൾ പൂങ്കാവനങ്ങളാക്കുന്ന പൂന്തോട്ട ചലഞ്ചിന്റെ പോസ്റ്റർ കല്യാശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഷാജിർ നിർവഹിച്ചു. ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ സുനിൽ കുമാർ സ്വാഗതവും നവകേരളം ജില്ലാ മിഷൻ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ നന്ദിയും പറഞ്ഞു. നാറാത്ത് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി ശ്യാമള, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.എം. മുസ്തഫ, വിവിധ രാഷ്ട്രീയ പാർട്ടികൾ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

തലശേരി നഗരസഭയിലെ ശുചിത്വ ഹർത്താൽ നഗരസഭാ ചെയർപേഴ്സൺ ജമുനാ റാണി ടീച്ചർ ഉദ്ഘാടനം ചെയ്തു. നഗരസഭാ വൈസ് ചെയർമാൻ വാഴയിൽ ശശി അധ്യക്ഷത വഹിച്ചു. ഹെൽത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ സാഹിറ, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ഖിലാബ, കൗൺസിലർ എന്നിവർ നേതൃത്വം നലകി.

ശുചിത്വ ഹർത്താലിന്റെ ഭാഗമായി ഇരിട്ടി ടൗൺ ശുചീകരണത്തിൽ ഇരിട്ടി പാലം മുതൽ പയിഞ്ചേരിമുക്ക് വരെയും പുതിയ ബസ് സ്റ്റാന്റും പരിസരവും നേരമ്പോക്ക് റോഡ് ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളാണ് ശുചികരിച്ചത്. പത്തൊൻപതാം മൈൽ മുതൽ പയിഞ്ചേരിമുക്ക് ഊവ്വാപ്പള്ളി വരെയുള്ള റോഡിനിരുവശവും കഴിഞ്ഞ 27ാം തീയതി ശുചീകരിച്ചിരുന്നു. പേരാവൂർ എം.എൽ.എ. അഡ്വ: സണ്ണി ജോസഫ് ശുചീകരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. നഗരസഭാധ്യക്ഷ ശ്രീലത ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തളിപ്പറമ്പ് നഗരസഭയിൽ ശുചിത്വ ഹർത്താൽ നഗരസഭാ ചെയർപേഴ്സൺ മുർഷിദ കോങ്ങായി ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ കല്ലിങ്കൽ പത്മനാഭൻ അധ്യക്ഷത വഹിച്ചു.



## ശുചിത്വ ഹർത്താലിൽ കാഞ്ഞിരപ്പുഴയും ശുചിയായി

ശുചിത്വ ഹർത്താലിന്റെ ഭാഗമായി പേരാവൂർ ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ചത് ജനകീയ പുഴയോര ശുചീകരണ പരിപാടി. ഗ്രാമ പഞ്ചായത്തിനെ രണ്ടായി പകുത്ത് ഒഴുകുന്ന കാഞ്ഞിരോട് പുഴയുടെ ആറ് കിലോമീറ്റർ ദൂരമാണ് ജനകീയ പടയണി തീർത്ത് ശുചീകരിച്ചത്. ശുചീകരണ പരിപാടിയുടെ ഉദ്ഘാടനം ശ്രീകൃഷ്ണക്ഷേത്ര പരിസരത്ത് പുഴയരികിൽ അഡ്വ. സണ്ണി ജോസഫ് എം.എൽ.എ. നിർവഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.പി. വേണുഗോപാലൻ അധ്യക്ഷനായി. ആറ് വാർഡുകളിലൂടെ ഒഴുകി ബാവലിപ്പുഴയിൽ ചേരുന്ന കാഞ്ഞിരപ്പുഴയെ നാല് ക്ലസ്റ്ററുകളായി തിരിച്ചാണ് ശുചീകരണം നടത്തിയത്. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും കുടുംബശ്രീ, തൊഴിലുറപ്പ്, ഹരിത കർമസേന പ്രവർത്തകർ, മോർണിംഗ് ഫൈറ്റേഴ്സ് അക്കാദമിയിലെ കായികതാരങ്ങൾ തുടങ്ങി 827 പേർ ശുചീകരണത്തിന് അണിനിരന്നു. ശേഖരിച്ച മാലിന്യം തരം തിരിച്ച് ഉണക്കി ക്ലീൻ കേരള കമ്പനിക്ക് കൈമാറും.




## ഒരൊറ്റ നാളിൽ അണിനിരന്നത് 26,317 പേർ

കുട്ടികൾ, സാമുഹ്യ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, രാഷ്ട്രീയ നേതാക്കൾ, ജനപ്രതിനിധികൾ, ഹരിത കർമസേനാംഗങ്ങൾ, വ്യാപാരികൾ എന്നീ എല്ലാ മേഖലയിലും ഉൾപെട്ടവർ പ്രവർത്തനങ്ങളിൽ വ്യാപൃതരായി.



## മട്ടന്നൂരിൽ പൊതുശുചീകരണം

ശുചിത്വ ഹർത്താലിൽ മട്ടന്നൂരിൽ നടന്ന മെഗാ ശുചീകരണ യജ്ഞം ജില്ലാ കലക്ടർ എസ്. ചന്ദ്രശേഖറാണ് ഉദ്ഘാടനം ചെയ്തത്. ശുചീകരണ പരിപാടിക്ക് മുനിസിപ്പൽ ചെയർമാൻ ഷാജിത്ത് മാസ്റ്റർ നേതൃത്വം നൽകി. മട്ടന്നൂർ നഗരത്തെ 6 ക്ലസ്റ്ററുകളാക്കി തിരിച്ചു വിവിധ സ്റ്റാന്റിങ് കമ്മിറ്റി അദ്ധ്യക്ഷന്മാരുടെ നേതൃത്തിലാണ് ഓരോ ക്ലസ്റ്ററുകളിലും ശുചീകരണം നടന്നത്. വിവിധ രാഷ്ട്രീയ പാർട്ടികളുടേയും യുവജന സംഘടനകൾ, വ്യാപാരി വ്യവസായി സംഘടനകൾ, ഓട്ടോ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, വനിതാ സംഘടനകൾ, കുടുംബശ്രീ, ഹരിത കർമസേന, ആശ വർക്കർമാർ എന്നിവർ ഉൾപ്പെടെ 1200 ലധികം ആളുകൾ ശുചീകരണ യജ്ഞത്തിൽ അണിചേർന്നു. 8 കിലോമീറ്റർ ദൂരത്തിലുള്ള റോഡുകളുടെ ഇരുവശങ്ങളും ബസ് സ്റ്റാന്റ്, മുനിസിപ്പൽ ഷോപ്പിങ്ങ് കോംപ്ലക്സ്, താലൂക്ക് ആശുപത്രി, വിവിധ ഓഫീസുകൾ എന്നിവയും ശുചീകരണം നടത്തി. 8 ടണ്ണോളം തരം തിരിച്ച മാലിന്യങ്ങളും 6 ടണ്ണോളം തരം തിരിക്കാത്ത മാലിന്യങ്ങളും ശേഖരിച്ച് നഗരസഭയുടെ എം.സി.എഫിലേക്ക് നീക്കം ചെയ്യുകയുണ്ടായി.

## ഒരൊറ്റ നാളിൽ ശേഖരിച്ചത് 247 ടൺ മാലിന്യം

ഏപ്രിൽ 30 ന്റെ ഒരൊറ്റ ദിവസത്തെ ശുചിത്വ ഹർത്താലിൽ മാത്രം ജില്ല ശേഖരിച്ചത് 247 ടൺ മാലിന്യം. ശേഖരിച്ച മുഴുവൻ അജൈവ മാലിന്യങ്ങളും ക്ലീൻ കേരള കമ്പനിയാണ് നീക്കം ചെയ്യുന്നത്. മെയ് ഒന്ന് മുതൽ ഇവ നീക്കം ചെയ്തു തുടങ്ങി.



# മാപത്തോൺ
## പൂർത്തീകരിക്കുന്ന
## ആദ്യ ജില്ലയായി കൊല്ലം

കൊല്ലം ജില്ലയിലെ പശ്ചിമഘട്ട മലനിരകൾ ഉൾക്കൊള്ളുന്ന അലയമൺ, ഏരൂർ, ആര്യങ്കാവ്, ചിതറ, തെന്മല, കുളത്തൂപ്പുഴ, പിറവന്തൂർ എന്നീ 7 മലയോര പഞ്ചായത്തുകളിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നീർച്ചാലുകളുടെ ഡിജിറ്റൽ മാപിംഗ് പൂർത്തിയാക്കി. ഐസിഫോസിന്റെ സാങ്കേതിക സഹായത്തോടെ കേരള പുനർനിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മാപിംഗ് പ്രവർത്തനങ്ങൾ നടന്നത്. അതാതു പഞ്ചായത്തിൽ 4 പേർ അടങ്ങുന്ന സംഘം 2 മുതൽ 4 ദിവസം വരെ ക്യാമ്പ് ചെയ്താണ് പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ഐസിഫോസ് തയ്യാറാക്കിയ മാപ് ഉപയോഗിച്ച് നീർച്ചാൽ കണ്ടെത്തി അതിന്റെ വശങ്ങളിലൂടെ നടന്ന്, OSM ആപ്ലിക്കേഷൻ ഉപയോഗിച്ച് GPS ട്രേസ് എടുക്കുകയാണ് ആദ്യ ഘട്ടം. ഇതിനു തൊഴിലുറപ്പ്



അസിസ്റ്റന്റ് എഞ്ചിനീയറുടെയും അതതു പഞ്ചായത്തിന്റെയും, പ്രദേശവാസികളുടെയും സഹായം ലഭ്യമായിരുന്നു. എന്നാൽ വനമേഖല കൂടുതൽ ഉള്ള പഞ്ചായത്തുകളിൽ ശ്രമകരമായിരുന്നു മാപിംഗ്. നീരുറവകളുടെ ഉത്ഭവം വനത്തിനുള്ളിൽ ആയതുകൊണ്ട് തന്നെ ഫോറസ്റ്റ് വാച്ചർമാരുടെ സഹായത്തോടെ വനപ്രദേശങ്ങളിലൂടെ ഒട്ടേറെ വെല്ലുവിളികളെ മറികടന്നാണ് മാപിംഗ് നടത്തിയത്.



പാലക്കാട് ജില്ലയിലെ അയിലൂർ ഗ്രാമപഞ്ചായത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വാർഡ് 5 ൽ അയിലൂർ പുഴ തീര സംരക്ഷണ പ്രവൃത്തിയിൽ പുഴയിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യുന്നു. ഇതുമൂലം പുഴയിലെ നീരൊഴുക്ക് സുഗമമാകുന്നതിനും പ്രളയ സാദ്ധ്യത കുറക്കുവാനും സാധിക്കും.

## ഹരിത നെയ്യാറ്റിൻകര പ്രഖ്യാപനത്തിനൊരുങ്ങി മണ്ഡലം

മാലിന്യ ശേഖരണത്തിൽ കൃത്യത ഉറപ്പാക്കി തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര മണ്ഡലം ഹരിതമാകാനുള്ള തയാറെടുപ്പിലാണ്. നവംബർ ഒന്നിന് ഹരിത നെയ്യാറ്റിൻകര പ്രഖ്യാപനത്തിനായി കാതോർക്കുകയാണ് മണ്ഡലത്തിലെ ജനങ്ങൾ. ഹരിത കർമസേനയുടെ സഹായത്തോടെ നടത്തിയ മാലിന്യശേഖരണം ഇപ്പോൾ രണ്ടാം ഘട്ടത്തിലേക്ക് കടന്നു. അതിയന്നൂർ, തിരുപുറം, കാരോട്, കുളത്തൂർ, ചെങ്കൽ തുടങ്ങിയ അഞ്ചു ഗ്രാമപഞ്ചായത്തുകളുടെയും, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെയും, അതിയന്നൂർ, പാറശാല ബ്ലോക്ക് പഞ്ചായത്തുകളുടെയും സഹകരണത്തോടെ ആദ്യഘട്ടത്തിൽ മണ്ഡലത്തിൽ നിന്നും നീക്കം ചെയ്തത് 30 ടൺ മാലിന്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ എന്നിവയുടെ സഹകരണത്തോടെ ബഹുജന പങ്കാളിത്തം ഉറപ്പാക്കിയാണ് ശുചീകരണ യജ്ഞം സംഘടിപ്പിച്ചത്.

## വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്

# നീർച്ചാൽ മാപിംഗ് പ്രവർത്തനം ആരംഭിച്ചു

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ നിർണയം നടത്തുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന നീർച്ചാൽ മാപിംഗ് പ്രവർത്തനം 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം, മാപത്തോൺ കേരള' പദ്ധതിക്ക് പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിച്ചു. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലൂടെ ഒഴുകുന്ന നീർച്ചാലുകൾ ഫീൽഡ് സർവേയിലൂടെ കണ്ടെത്തി മൊബൈൽ ആപ്ലിക്കേഷന്റെ സഹായത്തോടെ ഡിജിറ്റൽ



മാപിംഗ് നടത്തുകയും തുടർന്ന് അവയുടെ ജനകീയ വീണ്ടെടുപ്പുമാണ് സുപ്രധാനമായ പ്രവർത്തനം. വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ മാപിംഗ് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.കെ. ജയിംസ് നിർവഹിച്ചു.

# അജൈവ മാലിന്യ ശേഖരണത്തോടൊപ്പം സമ്മാന പദ്ധതിയും

'നവകേരളം വൃത്തിയുള്ള കേരളം' കാമ്പയിൻ പ്രവർത്തനത്തിന്റെ ഭാഗമായി വാതിൽപ്പടി ശേഖരണം 100 ശതമാനം ആക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പുത്തൻ സമ്മാന പദ്ധതിയാണ് മാലിന്യം നൽകൂ സമ്മാനം നേടൂ. പഞ്ചായത്തിൽ ഹരിത കർമസേന മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും യൂസർ ഫീ നൽകുന്നതിൽ ചിലരെങ്കിലും വിസമ്മതിക്കുന്നത് 100 ശതമാനം ശേഖരണം ഉറപ്പുവരുത്തുന്നതിൽ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഈ അവസരത്തിലാണ് മറ്റു പ്രവർത്തനങ്ങളോടൊപ്പം സമ്മാന പദ്ധതി കൂടി ആവിഷ്കരിക്കാൻ ഉദ്യോഗസ്ഥരും ഭരണസമിതിയും തീരുമാനിച്ചത്. മെയ് 2 നു ആരംഭിച്ച അടുത്ത ഘട്ട പ്ലാസ്റ്റിക് ശേഖരണ സമയത്ത് എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും കൂപ്പൺ നൽകിക്കൊണ്ട് പദ്ധതി ആരംഭിക്കും. മെയ് 31 ന് വൈകുന്നേരം 4 മണിക്ക് പഞ്ചായത്ത് ഹാളിൽ വെച്ചാണ് നറുക്കെടുപ്പ്. സ്പോൺസർഷിപ്പിലൂടെയാണ് സമ്മാന ഇനങ്ങൾ കണ്ടെത്തിയിട്ടുള്ളത്.

## നെറ്റ് സീറോ കാർബൺ കണ്ണൂർ ജില്ലാതല ശില്പശാല

നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ജില്ലാതല ശില്പശാല കണ്ണൂർ ഡി.പി.സി. ഹാളിൽ വച്ച് ചേർന്നു. നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ ഇ.കെ. സോമശേഖരൻ പദ്ധതി വിശദീകരണം നടത്തി തുടർന്ന് നെറ്റ് സീറോ കാർബൺ പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. ഉദയഗിരി ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ.എസ്. ചന്ദ്രശേഖരൻ വിശദീകരിച്ചു. നെറ്റ് സീറോ കാർബൺ പദ്ധതി എന്താണ്, അത് എങ്ങനെ കണ്ടെത്താം എന്ന വിഷയവുമായി ബന്ധപ്പെട്ട് ഡോക്ടർ സുകേഷ് (നെറ്റ് സീറോ കാർബൺ സംസ്ഥാന ഫാക്കൽറ്റി) വിഷയാവതരണം നടത്തി. നെറ്റ് സീറോ കാർബൺ - പ്രവർത്തനത്തിന്റെ പ്രസക്തി എന്ന വിഷയത്തിൽ വി.സി. ബാലകൃഷ്ണൻ (നെറ്റ് സീറോ കാർബൺ ജില്ലാ കോർ കമ്മിറ്റി ഗ്രൂപ്പ് അംഗം) വിശദീകരണം നടത്തി. നെറ്റ് സീറോ കാർബൺ സാങ്കേതികത്വം മുന്നോട്ടുള്ള പ്രയാണവും എന്ന വിഷയത്തെപ്പറ്റി പ്രൊഫ. ടോമി ജേക്കബ്ബ് (ജില്ലാ കോർ കമ്മിറ്റി അംഗം) ക്ലാസ്സുകൾ നൽകി. കാർഷികമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനവും, പദ്ധതികളെയും പറ്റി പ്രദീപൻ (കൃഷി വകുപ്പ്) വിശദീകരിച്ചു. ഊർജ്ജ സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനവും പദ്ധതികളും അനർട്ടിന്റെ ജില്ലാ എഞ്ചിനീയർ മുഹമ്മദ് റിഷാൻ വിശദീകരണം നടത്തി. ശില്പശാലയിൽ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 7 പഞ്ചായത്തിലെയും പഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, അസിസ്റ്റന്റ്



സെക്രട്ടറിമാർ, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ, ആസൂത്രണ സമിതി ഉപാധ്യക്ഷൻമാർ പഞ്ചായത്തിലെ മെമ്പർമാർ എന്നിവർ പങ്കെടുത്തു.




# ടെക്ക് ഫെസ്റ്റ് - ദർപ്പൺ 2K23

പത്തനംതിട്ട ഗവ എൻജിനീയറിങ് കോളേജ് ആറന്മുളയിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുയടെയും നേതൃ ത്വത്തിൽ നടക്കുന്ന ടെക് ഫെസ്റ്റ് ദർപ്പൺ 2K23ൽ നവകേരളം കർമ പദ്ധതി-2 ന്റെ നേതൃത്വത്തിൽ ക്ലീൻ കേരള കമ്പനിയുമായി സഹകരിച്ച് പരിസ്ഥിതി സൗഹാർദ ഉല്പന്നങ്ങളുടെ ഉപയോഗം ജീവിത ശീലമാക്കാൻ ഉദ്ബോധിപ്പിക്കുന്ന സ്റ്റാൾ പ്രവർത്തനം ആരംഭിച്ചു. സ്റ്റാളിൽ എത്തുന്ന അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നവകേരളം കർമപദ്ധതിയുടെ ലക്ഷ്യങ്ങളെകുറിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണം ഡിജിറ്റൽ ആക്കുന്നതുമായി ബന്ധപ്പെട്ടു നടപ്പിലാക്കുന്ന ഹരിതമിത്രം മൊബൈൽ ആപ്ലിക്കേഷന്റെ പ്രവർത്തനത്തെപറ്റിയും അവബോധം നൽകി.

# ക്ലീൻ കരുംകുളം കാമ്പയിന് തുടക്കം

നവകേരളം കർമപദ്ധതി 2 വലിച്ചെറിയൽ മുക്ത കേരളം കാമ്പയിൻ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്ത് പൂർണമായും മാലിന്യ മുക്തമാക്കുന്നതിന് ക്ലീൻ കരുംകുളം കാമ്പയിന് തുടക്കം കുറിച്ചു. പഞ്ചായത്ത് പ്രദേശങ്ങളിൽ വലിച്ചെറിയപ്പെട്ട മാലിന്യങ്ങൾ നീക്കം ചെയ്ത് തുടർന്ന് മാലിന്യം നിക്ഷേപം നടക്കാത്ത തരത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊണ്ട് പൂർണ്ണമായും വലിച്ചെറിയൽ മുക്ത പഞ്ചായത്താക്കി മാറ്റുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കരുംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഫ്രീഡ സൈമൺ ഒന്നാം വാർഡ് പൊതു കിണറിന് സമീപത്തെ മാലിന്യ നിക്ഷേപം നീക്കം ചെയ്യുന്നതിന് നേതൃത്വം നൽകി. കാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പൊതുജനങ്ങൾ കുളിക്കുന്നതിനും വസ്ത്രങ്ങൾ അലക്കുന്നതിനും ആയി ഉപയോഗിച്ചിരുന്ന കിണറിന് പരിസരത്ത് വലിച്ചെറിയപ്പെട്ട അജൈവ മാലിന്യങ്ങളാണ് നവകേരളം കർമപദ്ധതിയുടെ ഇടപെടൽ വഴി നീക്കം ചെയ്തത്.



# അജൈവമാലിന്യ ശേഖരണം: സ്മാർട്ടാകാൻ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്

വീടുകളിലെ അജൈവമാലിന്യ ശേഖരണം സമയബന്ധിതമായി നടത്തുന്നതിനായി ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പിന്റെ ക്യു.ആർ. കോഡ് വീടുകളിൽ പതിപ്പിച്ച് കോഴിക്കോട് ജില്ലയിലെ ചെങ്ങോട്ടുകാവ് പഞ്ചായത്ത്. പഞ്ചായത്തിലെ എല്ലാ വീടുകളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിച്ചാണ് ആപ്പിന്റെ പ്രവർത്തനം. ക്യു.ആർ. കോഡ് പതിപ്പിക്കുന്നതിന്റെ ഉദ്ഘാടനം ഒന്നാം വാർഡിൽ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീബ മലയിൽ നിർവഹിച്ചു. വൈസ് പ്രസിഡന്റ് വേണുമാസ്റ്റർ അധ്യക്ഷത വഹിച്ചു.



# ഹരിത കർമസേന വാർഷികം ആഘോഷിച്ചു



തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയിലെ ഹരിത കർമസേനയുടെ വാർഷിക ആഘോഷവും യൂണിഫോം വിതരണവും നഗരസഭ അധ്യക്ഷ എസ്. കുമാരി നിർവഹിച്ചു. ആറ്റിങ്ങൽ ലൈബ്രറി ഹാളിൽ നടന്ന ചടങ്ങിൽ 70 ഹരിത കർമസേന അംഗങ്ങൾക്കുള്ള യൂണിഫോമാണ് വിതരണം ചെയ്തത്. ടെലിവിഷൻ താരം അഞ്ജുശ്രീ മുഖ്യാതിഥിയായിരുന്നു. നഗരസഭ ഉപാധ്യക്ഷൻ ജി. തുളസീധരൻ പിള്ള അധ്യക്ഷത വഹിച്ചു. മാലിന്യ ശേഖരണത്തിലും സംസ്കരണത്തിലും മാതൃകാപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന ആറ്റിങ്ങൽ നഗരസഭയിൽ ജൈവ അജൈവമാലിന്യം ശേഖരിക്കുന്നതിന് പ്രത്യേകം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

# മാതൃകയായി പല്ലശ്ശനയിലെ ഹരിത കർമസേന

മാലിന്യ ശേഖരണ രീതികൾ മികച്ച രീതിയിൽ നടപ്പാക്കി ഹരിത കർമസേനയ്ക്കുള്ള സംസ്ഥാന പുരസ്ക്കാരം കരസ്ഥമാക്കി മാതൃകയാവുകയാണ് പാലക്കാട് ജില്ലയിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിലെ ഹരിത കർമസേന. 2019 ലാണ് പഞ്ചായത്തിൽ ഹരിത കർമസേന പ്രവർത്തനം ആരംഭിക്കുന്നത്. തുടക്കത്തിൽ 16 വാർഡുകളിലായി 32 സേനാംഗങ്ങൾ ഉണ്ടായിരുന്നെങ്കിലും നിലവിൽ 22



പേരായാണ് പ്രവർത്തനം. ആദ്യഘട്ടങ്ങളിൽ വീടുകളിൽ നിന്ന് മാലിന്യം കൊടുക്കാൻ തയ്യാറാവാതിരുന്നത് പ്രതിസന്ധി സൃഷ്ടിച്ചെങ്കിലും പിന്നീട് പഞ്ചായത്തിൽ ഉടനീളം നടത്തിയ കൃത്യമായ ബോധവത്ക്കരണത്തിലൂടെ അതില്ലാതാക്കിയതായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സായ് രാധ പറഞ്ഞു. ഓരോ വീടുകളിലും കലണ്ടർ പ്രകാരം കൃത്യമായി ഹരിത കർമസേന എത്തി മാലിന്യം ശേഖരിക്കുന്നതോടൊപ്പം അവ വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനുള്ള ഇടപെടലുകളും പഞ്ചായത്ത് നടത്തി. ഹരിത കർമസേന ശേഖരിക്കുന്ന മാലിന്യം ഏജൻസിക്ക് നൽകുന്നതു വഴിയുള്ളതും വീടുകളിൽ നിന്നും ലഭിക്കുന്ന ഫീസുമാണ് സേനയുടെ പ്രധാന വരുമാനമാർഗ്ഗം. ഒരു സേനാംഗത്തിന് പ്രതിദിനം ചുരുങ്ങിയത് 500 രൂപയെങ്കിലും വരുമാനം ഉണ്ടാവുന്ന തരത്തിലാണ് സേന പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ആറായിരത്തോളം വീടുകളിലും ഇരുന്നൂറിലധികം കടകളിലും ക്യു.ആർ. കോഡ് സ്ഥാപിച്ചാണ് മാലിന്യ ശേഖരണം നടത്തുന്നത്.

# വലിച്ചെറിയൽ മുക്ത ഗ്രാമം

കണ്ണൂർ ജില്ലയിലെ കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിലെ മാത്തിൽ ടൗൺ ശുചീകരണ കാമ്പയിൻ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സുനിൽകുമാറിന്റെ അധ്യക്ഷതയിൽ പയ്യന്നൂർ എം.എൽ.എ. ടി.ഐ. മധുസൂദനൻ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, വ്യാപാരികൾ, തൊഴിലാളി സംഘടന, ഹരിത കർമസേന, തുടങ്ങിയവർ പങ്കെടുത്തു. ശുചീകരണത്തിന്റെ ഭാഗമായി രണ്ട് മാലിന്യകൂനകൾ നീക്കം ചെയ്തു.



# ലൈഫ് മിഷനിൽ 20314 വീടുകൾകൂടി ; മുഖ്യമന്ത്രി താക്കോൽ കൈമാറി

സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷനിലൂടെ നിർമ്മാണം പൂർത്തിയായ 20314 വീടുകളുടെ താക്കോൽ കൈമാറ്റവും പുതിയ 41485 ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടതിന്റെ പ്രഖ്യാപനവും കൊല്ലം കൊറ്റങ്കര മേക്കോണിൽ 2023 മേയ് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.



വീട് എന്നത് മനുഷ്യരുടെ വലിയ സ്വപ്നമാണ്. 14 ലക്ഷം മനുഷ്യർക്ക് ആ സ്വപ്നം നേടാൻ ലൈഫ് പദ്ധതിയിലൂടെ കഴിഞ്ഞു. സാമ്പത്തിക പ്രതിസന്ധി പദ്ധതിയുടെ വിജയത്തിന് തടസമായില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

മനസ്സോടിത്തിരി മണ്ണ് പദ്ധതി വഴി ലൈഫ് മിഷന് 23.5 ഏക്കർ സ്ഥലം ലഭിച്ചു. ഇതിൽ 12.5 ഏക്കർ ഗുണഭോക്താക്കൾക്ക് കൈമാറി. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി. രാജേഷ് അധ്യക്ഷനായി. ഇന്ത്യയിൽ സമാനതകൾ ഇല്ലാത്തതാണ് ലൈഫ് പദ്ധതിയെന്ന് അദ്ദേഹം പറഞ്ഞു. മന്ത്രിമാരായ കെ.എൻ. ബാലഗോപാൽ, കെ. കൃഷ്ണൻകുട്ടി, ജെ. ചിഞ്ചുറാണി എന്നിവർ മുഖ്യാതിഥികളായി.



ഓരോരുത്തരുടെയും ഉള്ളറിയുന്ന സർക്കാരാണ് ഇതെന്നും വലിയ സ്വപ്ന സാക്ഷാത്കരമാണ് ലൈഫ് പദ്ധതിയിലൂടെ നടപ്പാകുന്നതെന്നും വൈദ്യുതിമന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു.

കേരളത്തെ ഭവന രഹിതർ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുമെന്നും ലൈഫ് മിഷൻ ലോകം അംഗീകരിക്കുന്ന നേട്ടമാണെന്നും ധനകാര്യവകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു.

സമഗ്ര മേഖലയിലും വികസനമെത്തിക്കുന്ന സർക്കാരാണ് കേരളത്തിലേതെന്ന് മൃഗസംരക്ഷണവകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. എൻ.കെ. പ്രേമചന്ദ്രൻ എം.പി., തദ്ദേശ സ്ഥാപന പ്രതിനിധികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഇ-മാലിന്യം കാമ്പയിൻ

ഹരിതകേരളം മിഷൻ, ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ എന്നിവയുടെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ ഇ മാലിന്യ ശേഖരണ യജ്ഞത്തിനു തുടക്കം കുറിച്ചു. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ജില്ലാ ഓഫീസിലെ ഇ മാലിന്യം ശേഖരിച്ചു കൊണ്ടാണ് പരിപാടിക്ക് തുടക്കം കുറിച്ചത്. ജില്ലാ കളക്ടർ ഡോ. രേണു രാജ് ഫ്ളാഗ് ഓഫ് നിർവഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ അജീഷ്, തദ്ദേശ വകുപ്പ് ജോയിന്റ് ഡയറക്ടർ ഷാജി ജോസഫ് ചെറുകരക്കുന്നേൽ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ജെ.പി.സി. പ്രീതി മേനോൻ, ക്ലീൻ കേരള കമ്പനി ആർ.പി. അക്ഷയ്, ഏകോപന സമിതി അംഗങ്ങൾ മുതലായവർ പങ്കെടുത്തു. ജില്ലയിലെ മുഴുവൻ സർക്കാർ സ്ഥാപനങ്ങളിലെയും ഇ മാലിന്യവും ആപൽക്കര മാലിന്യവും ശേഖരിക്കാനാണ് കാമ്പയിൻ കൊണ്ട് ലക്ഷ്യമിടുന്നത്.




Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer; Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01